LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് വഴക്കിനൊന്നും ഞാനില്ല. ഇതു കേരളത്തിന്റെ പ്രശ്നമാണ്. കേരളത്തിന്റെ താല്പര്യം പരിരക്ഷിക്കണം. 136 അടിക്ക് മുകളിൽ വെള്ളമുയരാൻ കേരള ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമേയില്ല. പക്ഷേ, അസാധാരണമായ നീരൊഴുക്ക് ഉണ്ടായപ്പോൾ ഇപ്രകാരം ഉണ്ടായി. ഒരു ദിവസത്തെയോ ഒന്നര ദിവസത്തെയോ സംഭവവികാസം ഒരു പെർമനന്റ് ഫീച്ചറായി കണക്കാക്കാൻ പാടില്ല. അവിടെ അതിനാവശ്യമായ നടപടികൾ നമ്മൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ, ഇപ്പോൾ സംസാരിക്കുന്ന നിമിഷത്തിൽത്തന്നെ അതിനാവശ്യമായിട്ടുള്ള ആളുകൾ ഓപ്പറേഷനിൽ ഏർപ്പെട്ടിട്ടുണ്ട്. അവിടെ നടത്തുന്ന നടപടികൾ ശരിയോ എന്നു പരിശോധിക്കുന്നതിനുവേണ്ടി ഞാൻകൂടി പോകുന്നുണ്ട്. യാത്ര ചെയ്യാൻ സൗകര്യമുണ്ടെങ്കിൽ അങ്ങേയ്ക്കും എത്താം. അല്ലെങ്കിൽ അങ്ങയുടെ പാർട്ടിയിൽ നിന്നും വേറെ ആരെയെങ്കിലും നിയോഗിച്ചാലും മതി. നാളെ ആ സ്ഥലം സന്ദർശിക്കാൻ ഞാൻ തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഇതിൽ കൂടുതൽ ചർച്ചയും തർക്കവും വേണ്ട. ഇവിടെ പൊതുവെ സഭയ്ക്കും നാടിനുമുള്ള ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതു ഗൗരവത്തിൽ എടുത്തിട്ടുണ്ട്. ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്നു പറഞ്ഞ സാഹചര്യത്തിൽ നമ്മൾ അതിനെ മുഖവിലയ്ക്കുതന്നെ എടുക്കുന്നു. നമുക്ക് ഇതിവിടെ അവസാനിപ്പിക്കാം.

IV. പ്രത്യേക പരാമർശം

തുറമുഖ സൗകര്യങ്ങളും കപ്പൽ ഗതാഗതവും വികസിപ്പിക്കുന്നതു സംബന്ധിച്ച നയരേഖയിന്മേൽ ചർച്ച

ശ്രീ. കെ. പി. രാജേന്ദ്രൻ: തുറമുഖ സൗകര്യങ്ങളും കപ്പൽ ഗതാഗതവും വികസിപ്പിക്കുന്നതു സംബന്ധിച്ച ഒരു നയരേഖ ഞങ്ങൾക്ക് ഒരു കവറിൽ തന്നിരിക്കുകയാണ്. ഗവൺമെന്റിന് റൂൾ 300 അനുസരിച്ച് ഇവിടെ സ്റ്റേറ്റ്മെന്റ് വയ്ക്കാം. ഇതിനുമുമ്പും ഇവിടെ നയപ്രഖ്യാപനമൊക്കെ നടത്തിയിട്ടുണ്ട്. അസംബ്ലി കൂടിക്കൊണ്ടിരിക്കുന്ന സമയത്ത് ഇങ്ങനെയൊരു നയപ്രഖ്യാപനം നടത്തി, അതു പത്രങ്ങൾക്കെല്ലാം വിതരണം ചെയ്തുകഴിഞ്ഞാൽ, ഈ സഭയിൽ ഞങ്ങളൊക്കെകൂടി ചർച്ചചെയ്ത് ഒരു പൊതു അംഗീകാരത്തോടുകൂടി വരുന്നു എന്ന ഒരു ധാരണ വരും. കേരളത്തിലുള്ള പ്രധാനപ്പെട്ട എല്ലാ തുറമുഖങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവൽക്കരിക്കാനും 30 വർഷത്തേക്കു പാട്ടത്തിനു കൊടുക്കാനും ബി.ഒ.റ്റി വ്യവസ്ഥയിൽ ഇതൊക്കെ ഏല്പിച്ചുകൊടുക്കാനും കഴിയുന്ന വളരെ അപകടകരമായ, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ വരുത്തിവയ്ക്കുന്ന ഒരു നയം, അതംഗീകരിക്കാതെ, ഇംഗ്ലീഷിലും മലയാളത്തിലും കോപ്പിയെടുത്ത് ഞങ്ങൾക്കൊക്കെ കവറിൽ വിതരണം ചെയ്യുകയും, ഇവിടെ ചർച്ച ചെയ്യാനോ അഭിപ്രായം ചോദിക്കാനോ എന്തെങ്കിലുമൊന്ന് പറയാനോ അവസരം നൽകാതെ ചെയ്ത ആ നടപടി ശരിയല്ല. ഇതിനുമുമ്പ് ശ്രീ. ബാബു ദിവാകരനും, വ്യവസായ വകുപ്പുമന്ത്രിയുമൊക്കെ ഇതുപോലെ നയപ്രഖ്യാപനം നടത്തിയത്, ഈ സഭയിൽ കാര്യപരിപാടിയിൽ ഉൾപ്പെടുത്തി ഇവിടെ വിതരണം ചെയ്തിട്ടുണ്ട്. റൂൾ 300 അനുസരിച്ച് അത്തരം നടപടികളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ അസാധാരണമായ രീതിയിൽ, കേരളത്തിലെ മുഴുവൻ തുറമുഖങ്ങളും പാട്ടവ്യവസ്ഥയിൽ കൊടുക്കാൻ, സ്വകാര്യവൽക്കരിക്കാനുള്ള നയം, ഗവൺമെന്റ് ഈ രീതിയിൽ അംഗീകരിച്ചത് തെറ്റാണ്; ഈ വിഷയം ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണം. ഞങ്ങൾക്കെല്ലാം വളരെ വിയോജിപ്പുള്ള കാര്യങ്ങളാണ് അതിൽ എഴുതിവച്ചിരിക്കുന്നത്, ഞാൻ വായിച്ചുനോക്കിയതാണ്.

ശ്രീ. എം. എം. ഹസ്സൻ: ഇതിന് ചട്ടം വേണ്ടേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇതു സഭയിൽ ഉന്നയിക്കാനുള്ള ചട്ടമൊക്കെയുണ്ട്. സ്പീക്കർ അനുവദിച്ചാൽ മാത്രം മതി. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടിയാണ് ഞാൻ ഇത് അവതരിപ്പിച്ചത്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*: സർ, തുറമുഖ സൗകര്യങ്ങളും കപ്പൽ ഗതാഗതവും വികസിപ്പിക്കുന്നതു സംബന്ധിച്ച ഒരു നയരേഖ മെമ്പർമാരുടെ അറിവിനുവേണ്ടി വച്ചിരിക്കുകയാണ്. ചർച്ച ചെയ്യണമെന്ന് നിർബന്ധമാണെങ്കിൽ ബി.എ.സി. ടൈം നിശ്ചയിച്ചാൽ ചർച്ച ചെയ്യുന്നതിന് കുഴപ്പമില്ല. 30 വർഷത്തേക്കു പാട്ടത്തിനു കൊടുക്കുക എന്നുള്ളത് ഒരു പുതിയ നയമൊന്നുമല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും അങ്ങനെയൊക്കെ ചെയ്തിട്ടുണ്ട്. എം.ഒ.യു. ഒപ്പിട്ടിട്ടുമുണ്ട്. 30 കൊല്ലം എന്നു പറഞ്ഞ് ഒരു ബോംബിടേണ്ട കാര്യമൊന്നുമില്ല.

മി. സ്പീക്കർ: ഇതു റൂൾ 300 പ്രകാരം Arbitrary അല്ല. May എന്നാണ് പറയുന്നത്. അതുകൊണ്ട് അപാകതയുണ്ടെന്നു ഞാൻ പറയുന്നില്ല. പിന്നെ മിനിസ്റ്റർ പറഞ്ഞ സാഹചര്യത്തിൽ കൂടുതൽ പോകണ്ട.

GPM. 2/608/2012—25